പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 110 — 07.06.2018 ൽ മറുപടിയ്ക്ക്

## സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ഡോ.എം.കെ.മുനീർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകീകൃത ഭരണസംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി), (സി) & (ഡി) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്തു നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഘടനാപരവും അക്കാദമികപരവുമായിട്ടുള്ള എല്ലാവിധ പരിഷ്കാരങ്ങളുടെയും വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.എം.എ.ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br>ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിലെ ശുപാർശകൾ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതെല്ലാം മാറ്റങ്ങൾ വരുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്; | |
| (സി) | എയ്ഡഡ് മേഖലയിലെ സ്കൂളുകൾക്ക് ഗവൺമെന്റ് എയ്ഡഡ് എന്ന പേര് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | |
| (ഡി) | എല്ലാ സ്കൂളുകളിലും പ്രീപ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ